**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5563** **13-08-2021 - ൽ മറുപടിയ്ക്ക്**

**കാവുകളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ .സി .ബാലകൃഷ്ണൻ** | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ക്ഷേത്രങ്ങളോട് അനുബന്ധമായി നിലകൊള്ളുന്ന കാവുകൾ സംരക്ഷിച്ചു നിലനിർത്തുന്നതിനായി സംസ്ഥാന വനംവകുപ്പ് നടപ്പാക്കുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ? | (എ) | സ.ഉ.(സാധാ) നമ്പർ.485/16 തീയതി 24/12/16 പ്രകാരം കാവ് സംരക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ടി ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം വിസ്തൃതി, ജൈവവൈവിദ്ധ്യം, സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രത്യേകത എന്നിവ കണക്കാക്കി സംസ്ഥാനതലത്തിലുള്ള സ്ക്രീനിങ് കമ്മിറ്റി പരിശോധിച്ച് ഓരോ ജില്ലയിലും പരമാവധി 5 കാവുകൾ എല്ലാ വർഷവും തെരെഞ്ഞെടുക്കാറുണ്ട്. ജില്ലാടിസ്ഥാനത്തിൽ വർഷം തോറും അപേക്ഷകൾ ക്ഷണിച്ച് സംസ്ഥാനതല കമ്മിറ്റിയുടെ തീരുമാന പ്രകാരം അർഹമായ കാവുകൾ തെരെഞ്ഞെടുത്ത് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം നല്കിവരുന്നു. |

സെക്ഷൻ ഓഫീസർ